ശ്രീ. കെ. ഹസ്സൻകുനി: പെരുന്തൽമണ്ണയിൽ ഇപ്പോൾ ഒരു സബ് സ്റ്റേഷൻ ഇല്ലേ ?

ശ്രീ. ടി. വി. തോമസ്: ഉണ്ട്.

രണ്ടാം കപ്പൽനിർമ്മാണ കേന്ദ്രം.

* 1580. [10] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം കപ്പൽനിർമ്മാണകേന്ദ്രം കൊച്ചിയിൽതന്നെ സ്ഥാപിക്കാൻ കേന്ദ്ര ഗവണ്മെൻറ് തീരുമാനിച്ചിട്ടുള്ള പശ്ചാത്തലം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതേപ്പറ്റി അധികൃതമായ വല്ല അറിവുകളും കേന്ദ്ര ഗവണ്മെൻറിൽനിന്നും ഈ സർക്കാരിന് കിട്ടിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്): (എ) ഇതുസംബന്ധിച്ച് പല വർത്തമാനങ്ങളും പത്രങ്ങളിൽ വന്നിട്ടുണ്ട്; അവയിൽ ചിലതു പരസ്പരവിരുദ്ധങ്ങളുമാണ്.

(ബി) ഇല്ല.

ശ്രീ. ആർ. സുഗതൻ: ഇതിന്റെ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ചെലവു കുറവുള്ള പശ്ചിമബംഗാളിൽ സ്ഥാപിക്കണമെന്നും അവിടെയുള്ള വർക്കും അഭിപ്രായമുള്ളതായി ഗവണ്മെൻറിനറിയാമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: പല കാരണങ്ങളും പറഞ്ഞു, പല സ്ഥലത്തും സ്ഥാപിച്ചുകിട്ടാൻ അതാതു സ്ഥലത്തുള്ളവർ ആവശ്യപ്പെടുമ്പോലെ പശ്ചിമബംഗാളിലും ഇങ്ങനെയൊരു കാരണം ഉന്നയിച്ചിരിക്കാം.

ശ്രീ. ആർ. സുഗതൻ: ഇതു് ഇവിടെത്തന്നെ സ്ഥാപിക്കുന്നതിനും ഒരു അവസാനതീരുമാനം എടുക്കുന്നതിനും ഈ ഗവണ്മെൻറ് കേന്ദ്രത്തോടു് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഈ ഗവണ്മെൻറിനെക്കൊണ്ടു കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: പശ്ചിമബംഗാളിലെ കമ്മ്യൂണിസ്റ്റ് പാർട്ടി, കപ്പൽ നിർമ്മാണകേന്ദ്രം അവിടെ സ്ഥാപിച്ചുകിട്ടാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ?

മി. സ്പീക്കർ: ഈ ചോദ്യം പലപ്പോഴും ചോദിച്ചിട്ടുള്ളതാണ്

ശ്രീ. കെ. എം. ജോർജ്ജ്: പത്രറിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്; ഫർദർ ഡവലപ്പ്മെൻറും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടു ചോദിക്കുന്നതാണ്.

മി. സ്പീക്കർ: പത്രറിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ചോദ്യം ചോദിക്കരുതെന്നു വ്യക്തമായി റൂളിൽതന്നെയുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: സർ, വെറും പത്രറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചോദിക്കുന്നതല്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാഷണൽ എക്സിക്യൂട്ടീവും മറ്റും ഇവിടെ നടന്നുകഴിഞ്ഞിരിക്കുകയാണ്. അതിൽ ഇതിനെപ്പറ്റിയെല്ലാം ചർച്ച നടന്നിരിക്കാം.

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ബംഗാളിലെ കമ്മ്യൂണിസ്റ്റുകാർ അങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിഞ്ഞുകൂടാ; അവർ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

കപ്പെട്ടാലും അവിടത്തെ കോൺഗ്രസ്സുകാർ വിചാരിച്ചാൽമാത്രമേ ഈ കാര്യം നടപ്പുള്ളൂ; കാരണം അവിടെ ഭരിക്കുന്നതു കോൺഗ്രസ്സാണു".

ശ്രീ. കെ. എം. ജോർജ്ജു": കോൺഗ്രസ്സുകാർ ആവശ്യപ്പെടുന്നില്ലെങ്കിൽ കേരളത്തിൽ സ്ഥാപിക്കുമോ ?

ശ്രീ. ഇ. എം. എസ്സു". നമ്പൂതിരിപ്പാടു": അതിനെപ്പറ്റി അറിഞ്ഞു കൂടാ.

ശ്രീ കെ. എം. ജോർജ്ജു": ഇവിടത്തെ റെയർ എർത്തു് ഫാക്ടറി അടച്ചുപൂട്ടിയതിനെത്തുടർന്നു", സംസ്ഥാന ഗവണ്മെൻറിൻെറ തൊഴിൽ നയവും, പോലീസു് നയവുംമൂലം ഇവിടെ പ്രവർത്തിക്കുന്നതിനു പ്രയാസമാണെന്നു് കേന്ദ്രഗവണ്മെൻറിനു ബോദ്ധ്യം വന്നിട്ടുള്ളതായി അറിയാമോ ?

ശ്രീ. ഇ. എം. എസ്സു". നമ്പൂതിരിപ്പാടു": അങ്ങനെ ചില കാരണങ്ങൾ പറഞ്ഞു", കപ്പൽനിർമ്മാണകേന്ദ്രം ഇവിടെ സ്ഥാപിക്കാതിരിക്കാൻ കോൺഗ്രസ്സുകാർ ശ്രമിക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. കെ. എം. ജോർജ്ജു": ഇതു ഗവണ്മെൻറിൻെറ തൊഴിലാളി നയത്തിലും, പോലീസു് നയത്തിലും വന്നുചേർന്നിട്ടുള്ള കുഴപ്പംകൊണ്ടാണു" റെയർ എർത്തു് ഫാക്ടറിയുടെ പ്രവർത്തനം നിലച്ചുപോയതെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ.....

മി. സ്പീക്കർ: രണ്ടാം കപ്പൽനിർമ്മാണകേന്ദ്രത്തിൻെറ സ്ഥാപനത്തെക്കുറിച്ചാണു ചോദ്യം; അതു് റെയർ എർത്തു് ഫാക്ടറിയെപ്പറ്റി മാറിയിരിക്കുകയാണു".

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു". ഈ ഗവണ്മെൻറിൻെറ തൊഴിൽനയത്തിൽ വന്നിട്ടുള്ള തകരാറുകൊണ്ടാണു" ഇവിടെ പുതിയ വ്യവസായങ്ങൾക്കു" സാദ്ധ്യതയില്ലാതായിട്ടുള്ളതു".

മി. സ്പീക്കർ: തൊഴിൽ നയത്തെപ്പറ്റി വേറെ ചോദ്യം ചോദിച്ചു" ഡിസ്കഷൻ നടത്താം.

പുതുതായി നട്ടുപിടിപ്പിച്ച കാടു".

* 1581 [11] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു" വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1958-59 സാമ്പത്തികവർഷത്തിൽ എത്ര ഏക്കർ കാടു" പുതുതായി നട്ടുപിടിപ്പിച്ചിട്ടുണ്ടു" ?

കൃഷിയും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു"): 1958-59 സാമ്പത്തികവർഷത്തിൽ, രണ്ടാം പഞ്ചവത്സരപദ്ധതിയനുസരിച്ചു" 802.5 ഏക്കർ സ്ഥലത്തു" തേക്കും, 1268.35 ഏക്കർ സ്ഥലത്തു" വെള്ളമരങ്ങളും നട്ടുപിടിപ്പിച്ചിട്ടുണ്ടു". പഞ്ചവത്സരപദ്ധതിക്കു പുറമേയുള്ളതിൻെറ കണക്കുകൂടി ശേഖരിച്ചുവരുകയാണു".

ശ്രീ. ടി. കെ. കൃഷ്ണൻ: 1958-59 സാമ്പത്തികവർഷത്തിലെ ടാർഗറ്റിൽ എത്തിയിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജു": അതിൻെറ കണക്കു കൈവശമില്ല; ടാർഗറ്റു് മുഴുവനിൽ ചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്നാണു തോന്നുന്നതു".

LIBRARY ARCHIVES Kerala Legislative Assembly